**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 31** **28-06-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക വിപണിയെ ശക്തിപ്പെടുത്താൻ സഹകരണ മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ കർഷകരെ സഹായിക്കുവാനും കാർഷിക വിപണിക്ക് പിന്തുണ നൽകുവാനും സഹകരണ മേഖലയിൽ ആവിഷ്കരിക്കുന്ന നൂതന പദ്ധതികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഗ്രാമീണ കർഷകരെ സഹായിക്കുവാനും കാർഷിക വിപണിക്ക് പിൻതുണ നൽകുവാനും സഹകരണ മേഖലയിൽ **"സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി"** എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>കാർഷിക, കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതി-നായി, 2022-2023 സാമ്പത്തിക വർഷം ആരംഭിച്ച പുതിയ പദ്ധതിയാണിത്. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, (വീട്ടു പടിക്കൽ ശേഖരണം) സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 7 ഉപഘടകങ്ങളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.<br><br>**I . സമഗ്ര കാർഷിക വികസന പദ്ധതി (PACS വഴി)**<br><br>പ്രാഥമിക സംഘങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശത്തെ പുരയിടങ്ങളെ ഉപയോഗപ്പെടുത്തി, കൃഷിയെ പ്രോത്സാഹി പ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വേണ്ടി ചെറുതും വലുതുമായ പച്ചക്കറി കൃഷി, അടുക്കളത്തോട്ടം, ടെറസ് കൃഷി എന്നിവയിലൂടെ കാർഷിക വിളകളുടെ ഉത്പാദനം, |

സംഭരണം, വിപണനം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിയും കാർഷിക ഉത്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കിയും, അതോടൊപ്പം കാർഷിക അനുബന്ധ പ്രവർത്തനങ്ങളായ മത്സ്യ ബന്ധനം, മൃഗസംരക്ഷണം എന്നിവയെ പരിപോഷിപ്പിച്ചുകൊണ്ടും കർഷകർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കേരള കാർഷിക സർവകലാശാല വികസിപ്പിച്ച സംയോജിത കൃഷി സമ്പ്രദായം അടിസ്ഥാനമാക്കിയും അതിനെ പിന്തുടർന്നുമായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. സംസ്ഥാനത്ത് ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കാൻ സഹായിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കീഴിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കർഷക സേവന കേന്ദ്രങ്ങൾ വഴിയാണ് സമഗ്ര കാർഷിക വികസന പദ്ധതി (സി.എ.ഡി.പി) നടപ്പിലാക്കുന്നത്. ഓരോ സംഘങ്ങളുടെയും പരിധിയിൽ വരുന്ന പ്രദേശത്തെ എല്ലാ വീടുകളേയും ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

കർഷക സേവന കേന്ദ്രം മുഖേന സമഗ്ര കാർഷിക വികസന പദ്ധതി നടപ്പാക്കുന്നതിന് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കാണ് ഈ പദ്ധതിയിലൂടെ സഹായം അനുവദിക്കുന്നത്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 14 ജില്ലകളിലും ഘട്ടം ഘട്ടമായി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. 2022-23 ൽ ഈ പദ്ധതി ഏഴ് ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കും. (കാർഷിക പശ്ചാത്തലമുള്ളതും കാർഷിക ഉല്പാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ജില്ലകൾക്ക് മുൻഗണന നൽകും). സംസ്ഥാന ആസൂത്രണ ബോർഡിലെ കൃഷി വിഭാഗവുമായി കൂടിയാലോചിച്ച് ജില്ലകൾ തിരഞ്ഞെടുക്കുന്നതാണ്.

ഉപ ഘടകത്തിന്റെ പ്രവർത്ത നങ്ങൾക്കായി 550.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**II. കാർഷിക വായ്പാ സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ**

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ജില്ലാ സഹകരണ സംഘങ്ങൾ എന്നിവയുടെ കീഴിലുള്ള നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും, പുതിയ സ്വയം

സഹായ ഗ്രൂപ്പുകളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കുന്നതിനും, സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വയ്പാ നൽകുന്ന പി.എ.സി.എസ്/ എഫ്.എസ്.സി.ബി./ എഫ്.എസ്.സി.എസ്-നെ പ്രോത്സാഹിപ്പിക്കുന്നതിനും, കഴിഞ്ഞ വർഷം നൽകിയ മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘത്തിനെയും പ്രോത്സാഹിപ്പിക്കുന്നതി നുമാണ് ഈ പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടുള്ളത്.

ഉപഘടകത്തിന്റെ മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### III. കാർഷിക ഉൽപ്പാദനം, കാർഷിക ഉത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ

ഓരോ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷ-നുകളിലും വിളവെടുപ്പ് കാലത്ത് കർഷകരിൽ നിന്ന് നേരിട്ട് കാർഷികോത്പന്നങ്ങൾ സംഭരിക്കുന്നതിന് സംഭരണം, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും സംസ്കരിച്ച വസ്തുക്കൾ വിപണികളിലൂടെ ലഭ്യമാക്കുന്നതിനുമാണ് പദ്ധതി ഉദ്ദേശിക്കുന്നത്.

ഉപഘടകത്തിന്റെ പ്രവർത്തനങ്ങ ൾക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### IV. ഗ്രാമീൺ മാർക്കറ്റുകൾ / പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കൽ

എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുള്ള ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി ഈ പ്രദേശത്തെ അംഗീകൃത പി.എ.സി.എസ് -ന്റെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അതുവഴി കർഷകർക്ക് നേരിട്ടുള്ള വിൽപ്പനയ്ക്ക് സഹായിക്കുന്ന വിപണന വേദി ഒരുക്കുന്നു. ഈ ഉപഘടക പദ്ധതിയിൽ ഗ്രാമീണ ചന്തകളെ സഹായിക്കുന്നതിനായി ഓരോ ചന്തക്കും 10.00 ലക്ഷം രൂപ വീതം നീക്കി വച്ചിരിക്കുന്നു.

ഉപഘടകത്തിന്റെ മേൽ പറഞ്ഞ പ്രവർത്തികൾക്കായി 110.00 ലക്ഷം രൂപ വകയിരുകത്തിയിട്ടുണ്ട്.

**V. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് - സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം**

ഓരോ ജില്ലകളിലും ഉത്പ്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് സഹകരണ മേഖലയെ വികസിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തിരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉൽപ്പന്നങ്ങളെ ആസ്പദമാക്കി ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതും കൃഷി അനുബന്ധ മേഖലയിലെ പ്രവർത്തികൾ പാലക്കാട് നെല്ല് സംഭരണ, സംസ്കരണ വിപണന സഹകരണ സംഘത്തിനും (PAPCOS), കേരള നെല്ല് സംഭരണ, സംസ്കരണ, വിപണന സഹകരണ സംഘത്തിനുള്ള(KAPCOS) സഹായവും ഈ ഉപ പദ്ധതിക്ക് കീഴിൽ വകയിരുത്തിയിട്ടുണ്ട്.

ഉപഘടകത്തിന്റെ മേൽ പറഞ്ഞ പ്രവർത്തികൾക്കായി 500.00 ലക്ഷം രൂപ വകയിരുകത്തിയിട്ടുണ്ട്.

**VI. കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തൽ**

വിളവെടുപ്പിന് ശേഷമുള്ള വിവിധ കാർഷിക ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള സംഭരണവും, സംസ്കരണവും, വിപണനവും നിറവേറ്റുന്നതിനായി വിപണന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഉപഘടകത്തിന്റെ മേൽ പറഞ്ഞ പ്രവർത്തികൾക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**VII. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി - കർഷക സേവന കേന്ദ്രം (എഫ്.എസ്.സി) ശക്തിപ്പെടുത്തൽ**

കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രങ്ങൾ ബ്ലോക്ക് തലത്തിൽ

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തുന്നതിനും, പുതുതായി തുടങ്ങുന്നതിനും തുക വകയിരുത്തിയി-രിക്കുന്നു<br><br>ഈ ഉപഘടകത്തിന്റെ മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി 90.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പ്രവർത്തന സംവിധാനങ്ങൾ, പ്രാരംഭ പ്രവർത്തന പുരോഗതി എന്നിവ വ്യക്തമാക്കുമോ? | (ബി) | ഓരോ പ്രാഥമിക സഹകരണ സംഘങ്ങളും സമർപ്പിക്കുന്ന പദ്ധതി റിപ്പോർട്ടിന് വിധേയമായിട്ടാണ് ധനസഹായം അനുവദിക്കുന്നത്.<br><br>ടി പദ്ധതി നടപ്പിലാക്കുന്നതിനായി 8 ജില്ലകളിൽ നിന്നായി 15 സംഘങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>പദ്ധതികളുടെ നിർവഹണ പുരോഗതി ഗവൺമെന്റ് തലത്തിൽ അവലേകനം ചെയ്യുന്നതിനുള്ള നടപടികൾ ഗവൺമെന്റ് തലത്തിൽ സ്വികരിച്ചു വരുന്നു. കൃഷി വകുപ്പ് ഡയറക്ടർ, സംസ്ഥാന ആസൂത്രണ ബോർഡിലെ കൃഷി വിഭാഗം മേധാവി, സഹകരണ സംഘം രജിസ്ട്രാർ, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, ഐ.എഫ്.എസ്.ആർ.എസ് എന്നിവിടങ്ങളിലെ മേധാവിമാർ എന്നിവരോടൊപ്പം കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നീ മേഖലകളിലെ മൂന്ന് വിഷയവിദഗ്ധരും അടങ്ങുന്ന സമിതിയാണ് പദ്ധതി അവലോകനം ചെയ്യുന്നത്. ഈ സമിതി ത്രൈമാസ ഇടവേളകളിൽ യോഗം ചേരുകയും പദ്ധതിയുടെ നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ